ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആദിവാസി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ചികിത്സ, തൊഴിൽ എന്നിവയ്ക്കാണ് കേന്ദ്ര സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says the central government is giving top priority to the education, treatment and employment of tribal communities.**

2. വിദ്യാർത്ഥികൾക്കായി സീറോ എറർ പ്രവേശന പരീക്ഷാ സമ്പ്രദായത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ.

   **Union Minister Dharmendra Pradhan says the government is committed to a zero-error entrance examination system for students.**

3. കാലാവസ്ഥാ വ്യതിയാനത്തിൻറെ ആഘാതങ്ങൾ അടിക്കടി ഉണ്ടാകുന്ന ദുരന്തങ്ങളുടെ രൂപത്തിൽ കൂടുതൽ പ്രകടമാകുന്നതായി COP 29 ഉച്ചകോടിയിൽ ഇന്ത്യ.

   **India says the impacts of climate change are becoming more visible in the form of frequent disasters at the COP 29 summit.**

4. ശ്രീലങ്കൻ പാർലമെൻറ് തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ നാഷണൽ പീപ്പിൾസ് പവർ പാർട്ടിക്ക് വിജയം.

   **The ruling National People's Power Party wins the Sri Lankan parliamentary elections.**

5. പാലക്കാട് ഉപതെരഞ്ഞെടുപ്പിൻറെയും ഝാർഖണ്ഡ്, മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പുകളുടെയും പ്രചാരണം പുരോഗമിക്കുന്നു.

   **Campaigning for the Palakkad by-election and the Jharkhand and Maharashtra assembly elections is in progress.**

6. 78-ാമത് സന്തോഷ് ട്രോഫിക്കായുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു. ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി -20 മത്സരം രാത്രി 8.30 ന്.

**Kerala team announced for the 78th Santosh Trophy. India-South Africa Twenty-20 match at 8.30 pm.**

&&&&&&&&&&&&&&&&&&&

## JANJATIYA DIVAS

സാമൂഹിക പരിഷ്കർത്താവും പ്രമുഖ ഗോത്ര വർഗ്ഗ നേതാവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മാവാർഷിക ദിനം ജൻജാതിയ ദിവസ് ആയി രാജ്യം ഇന്ന് ആചരിച്ചു. ബിഹാറിലും ഝാർഖണ്ഡിലും ഗോത്ര വിഭാഗങ്ങളെ ഒരുമിപ്പിക്കുന്നതിനായി അദ്ദേഹം നേതൃത്വം നൽകിയ പോരാട്ടങ്ങൾ സുവർണലിപികളിൽ എഴുതപ്പെട്ടതാണ്. ജൻജാതിയ ഗൗരവ് ദിവസിനോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ബൻസേര പാർക്കിൽ ബിർസ മുണ്ടയുടെ പ്രതിമ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അനാച്ഛാദനം ചെയ്തു. കേന്ദ്ര ഭവന നഗരകാര്യ മന്ത്രി മനോഹർ ലാൽ ചടങ്ങിൽ സംബന്ധിച്ചു.

&&&&&&&&&&&&&&&&&&&

## HEAD LINE – 1

## PM-JANJATIYA (INTRO)

ആദിവാസി വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ചികിത്സ, തൊഴിൽ എന്നിവയ്ക്കാണ് കേന്ദ്ര സർക്കാർ പ്രഥമ പരിഗണന നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജൻജാതിയ ദിവസ് ആഘോഷങ്ങളുടെ ഭാഗമായി ബിഹാറിലെ ജമുയിൽ 6,600 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗോത്രപാരമ്പര്യവും സംസ്കാരവും ചികിത്സാ സമ്പ്രദായവും സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

ജൻജാതിയ ഉത്കർഷ് ഗ്രാം അഭിയാന് കീഴിൽ ആദിവാസി ഊരുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 80,000 കോടി രൂപ അനുവദിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ബിർസ മുണ്ടയുടെ സ്മരണാർത്ഥം തപാൽസ്റ്റാമ്പും സ്മാരക നാണയവും പ്രധാനമന്ത്രി പുറത്തിറക്കി.

&&&&&&&&&&&&&&&&&&&

## HEAD LINE – 3

## INDIA COP29

കാലാവസ്ഥാ വ്യതിയാനത്തിൻ്റെ ആഘാതങ്ങൾ അടിക്കടി ഉണ്ടാകുന്ന ദുരന്തങ്ങളുടെ രൂപത്തിൽ കൂടുതൽ പ്രകടമാകുന്നതായി അസർബൈജാനിലെ ബാക്കുവിൽ നടന്ന COP 29 ഉച്ചകോടിയിൽ ഇന്ത്യ ചൂണ്ടിക്കാട്ടി. തീവ്ര കാലാവസ്ഥ സാഹചര്യം പതിവായെന്നും ഇത് ദക്ഷിണ മേഖല രാജ്യങ്ങളിലെ ജനങ്ങളെയാണ് ഏറ്റവുമധികം ബാധിക്കുന്നതെന്നും, വികസ്വര രാജ്യങ്ങളെ പ്രതിനിധീകരിച്ച്, ഇന്ത്യയ്ക്ക് വേണ്ടി പരിസ്ഥിതി മന്ത്രാലയം അഡീഷണൽ സെക്രട്ടറി നരേഷ് പാൽ ഗാംഗ്വാർ പറഞ്ഞു. വികസ്വര രാജ്യങ്ങളുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിന്, വികസിത രാജ്യങ്ങൾ 2030 വരെ ഓരോ വർഷവും കുറഞ്ഞത് 1.3 ട്രില്യൺ ഡോളർ ലഭ്യമാക്കാൻ പ്രതിജ്ഞാബദ്ധരാകണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&

## IND-GDP BOOST

അടുത്ത മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഇന്ത്യയുടെ പ്രതിശീർഷ വരുമാനം, പ്രതിവർഷം 6.5 മുതൽ 7 ശതമാനത്തിനിടയിൽ വളർച്ച കൈവരിക്കുമെന്ന് വിലയിരുത്തൽ. അടിസ്ഥാന സൗകര്യ വികസനവും വർദ്ധിച്ച ഉപഭോഗവും മൂലം 2027 വരെയുള്ള മൂന്ന് സാമ്പത്തിക വർഷങ്ങളിൽ നേട്ടം കൈവരിക്കാനാവുമെന്ന് പ്രമുഖ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി ആയ S &P Global Ratings പ്രവചിക്കുന്നു. നടപ്പ് സാമ്പത്തിക വർഷം 7.2 ശതമാനം ജിഡിപി വളർച്ച കൈവരിക്കുമെന്നാണ് റിസർവ് ബാങ്കിന്റെ വിലയിരുത്തൽ.

&&&&&&&&&&&&&&&&&&&

## HEAD LINE – 4

## FUR REV DAY SL-ELECTIONS (WITH V/C)

ശ്രീലങ്കയിൽ ഭരണകക്ഷിയായ നാഷണൽ പീപ്പിൾസ് പവർ പാർട്ടി പാർലമെൻ്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം നേടി വിജയിച്ചു. 225

ൽ 159 സീറ്റുകളാണ് ഇടതുപക്ഷ സഖ്യം നേടിയത്. പ്രധാന പ്രതിപക്ഷമായ സജിത് പ്രേമദാസയുടെ നേതൃത്വത്തിലുള്ള സമാഗി ജന ബലവേഗയ 40 സീറ്റുകൾ നേടി രണ്ടാം സ്ഥാനത്തെത്തി. ഇളങ്കൈ തമിഴ് അരസു കഡ്ച്ചി 7 സീറ്റുകൾ നേടി. മുൻ പ്രസിഡൻ്റ് റനിൽ വിക്രമസിംഗെയുമായി സഖ്യമുണ്ടാക്കിയ ന്യൂഡെമോക്രാറ്റിക് മുന്നണിക്ക് മൂന്ന് സീറ്റ് മാത്രമാണ് ലഭിച്ചത്.

&&&&&&&&&&&&&&&&&&

**IITF 2024**

43-ാമത് ഇന്ത്യ ഇൻ്റർനാഷണൽ ട്രേഡ് ഫെയർ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പുരോഗമിക്കുന്നു. 14 ദിവസം നീളുന്ന മേള, കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ഇന്നലെ ഉദ്ഘാടനം ചെയ്തു. വികസിത് ഭാരത് 2047 എന്നതാണ് ഈ വർഷത്തെ മേളയുടെ പ്രമേയം. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമായി മൂവായിരത്തി അഞ്ഞൂറിലധികം എക്സിബിറ്റേഴ്സാണ് പരിപാടിയിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

**AUS HIGH COMMISSIONER - AGRI SEC MEET**

ഓസ്ട്രേലിയൻ ഹൈക്കമ്മീഷണർ ഫിലിപ്പ് ഗ്രീൻ ന്യൂഡൽഹിയിൽ കൃഷി, കർഷക ക്ഷേമ വകുപ്പ് സെക്രട്ടറി ഡോ.ദേവേഷ് ചതുർവേദിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാർഷിക-അനുബന്ധ മേഖലകളിലെ സഹകരണത്തിനുള്ള പുതിയ അവസരങ്ങൾ കണ്ടെത്തുന്നതിനും കൂടിക്കാഴ്ച വേദിയൊരുക്കിയതായി കാർഷിക മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

**HEAD LINE – 6**

**SANTHOSH TROPHY**

78-ാമത് സന്തോഷ് ട്രോഫിക്കായുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു. കേരള പോലീസ് താരം ജി സഞ്ജുവാണ് ക്യാപ്റ്റൻ. ബിബി തോമസാണ് കോച്ച്. ലക്ഷദ്വീപ്, പോണ്ടിച്ചേരി, റെയിൽവെയ്സ്

ടീമുകൾക്കൊപ്പം ഗ്രൂപ്പ് H ലാണ് കേരളം. നവംബർ 20 മുതൽ 24 വരെ കോഴിക്കോട് ഇ.എം.എസ്. കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് കേരളത്തിന്റെ മത്സരങ്ങൾ.

&&&&&&&&&&&&&&&&&&

**CRICKET**

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് നടക്കും. ദക്ഷിണാഫ്രിക്കയിലെ വാൻഡറേഴ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 8.30-നാണ് മത്സരം. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

**HEAD LINE – 2**

**PRADHAN-HYDERABAD (INTRO)**

വിദ്യാർത്ഥികൾക്കായി സീറോ എറർ പ്രവേശന പരീക്ഷാ സമ്പ്രദായത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ. ഹൈദരാബാദിൽ ഇന്ത്യൻ സ്കൂൾ ഓഫ് ബിസിനസിൻറെ രണ്ടാമത് ഇൻസൈറ്റ് ഫോറത്തിൻ്റെ ഭാഗമായി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായമാകുന്ന നയങ്ങൾ രൂപീകരിക്കാൻ ഐ എസ് ബി പോലുള്ള സ്ഥാപനങ്ങളുടെ ഗവേഷണങ്ങൾ തദ്ദേശീയ തലം മുതൽ കേന്ദ്ര തലം വരെയുള്ള സർക്കാരുകളെ സഹായിക്കുന്നതായി അദ്ദേഹം പറഞ്ഞു.

(വോയ്സ്)

&&&&&&&&&&&&&&&&&&

**HEAD LINE – 5**

**PALAKKAD ELECTION**

ഉപതെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കിനിൽകെ പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പ്രചാരണം ആവേശകരമായ അവസാന ഘട്ടത്തിലേക്ക്. മുന്നണികളുടെ താര പ്രചാരകരുടെ നേതൃത്വത്തിലാണ് മണ്ഡലത്തിൽ പ്രചാരണം പുരോഗമിക്കുന്നത്. ഈ മാസം 20 നാണ് വോട്ടെടുപ്പ്. വയനാട്,

ചേലക്കര, പാലക്കാട് ഉപതെരഞ്ഞെടുപ്പ് ഫലം ഈ മാസം 23-നാണ്.

&&&&&&&&&&&&&&&&&&&

## DAY JHARKHAND - CAMPAIGNING

ഝാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനായുള്ള സജീവ പ്രചാരണത്തിലാണ് NDA- I.N.D.I.A സഖ്യ നേതാക്കൾ. ഈ മാസം 20-നാണ് രണ്ടാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പ്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രമുഖ നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ്, മുതിർന്ന ബിജെപി നേതാക്കളായശിവരാജ് സിംഗ് ചൗഹാൻ, ഹിമന്ത ബിശ്വ ശർമ്മ, ചമ്പയ് സോറൻ എന്നിവർ വിവിധ ഇടങ്ങളിലെ റാലികളിൽ പങ്കെടുത്തു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും ഝാർഖണ്ഡിൽ പ്രചാരണ യോഗങ്ങളിൽ സംബന്ധിച്ചു. RJD, AJSU, മറ്റ് ഇടതു പാർട്ടികൾ എന്നിവയുടെ പ്രചാരണ പരിപാടികളും സജീവമാണ്.

&&&&&&&&&&&&&&&&&&&

## MAHARASHTRA ELECTION

മഹാരാഷ്ട്രയിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതം. കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷാ, നിതിൻ ഗഡ്കരി, ജെപി നഡ്ഡ തുടങ്ങിയവർ വിവിധയിടങ്ങളിൽ നടക്കുന്ന തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കുന്നു. എൻസിപി (എസ്പി) അധ്യക്ഷൻ ശരത് പവാർ, സുപ്രിയ സുലെ, ശിവസേന (യുബിടി) അധ്യക്ഷൻ ഉദ്ധവ് താക്കറെ തുടങ്ങിയവരും പ്രചാരണ റാലികളിൽ പങ്കെടുക്കുന്നുണ്ട്. ഈ മാസം 20-ന് ഒറ്റ ഘട്ടമായിട്ടാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&&

## IDUKKI-GEORGE KURIAN

ധർത്തി ആഭാ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാന്റെ ഭാഗമായി ഇടുക്കിയിൽ നടന്ന സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയായി. ആദിവാസി വിഭാഗത്തെ വികസിത സമൂഹമാക്കി മാറ്റുന്നതിനുള്ള പദ്ധതിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി

ഓൺലൈനായി നിർവഹിച്ചു. കേരളത്തിൽ വയനാട്, പാലക്കാട്, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളാണ് പദ്ധതിയിലുൾപ്പെടുന്നത്.

&&&&&&&&&&&&&&&&&&

**CM - SHASTRAMELA**

സമൂഹത്തിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ പുരോഗതിക്കും ശാസ്ത്രമേളകൾ സഹായകമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവവും വൊക്കേഷണൽ എക്സ്പോയും ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രിമാരായ വി. ശിവൻകുട്ടി, സജി ചെറിയാൻ, പി. പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു. നാല് ദിവസം നീളുന്ന മേളയിൽ 180 ഇനങ്ങളിലായി 5,000ത്തോളം വിദ്യാർത്ഥികൾ പങ്കെടുക്കും.

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&